ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ & ബി) 19-6-1996-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 16/95/സി. എ. ഡി. അനുസരിച്ച് നാടൻകലാ അക്കാദമി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അക്കാദമിയുടെ ഇപ്പോഴത്തെ ആസ്ഥാനം കണ്ണൂരാകുന്നു.

(സി) കേരളത്തിലെ നാടൻ കലകളുടെ പരിപോഷണവും സംരക്ഷണവുമാണ് അക്കാദമിയുടെ മുഖ്യ ഉദ്ദേശം.

പെൻഷൻ പദ്ധതി നിലവിലില്ലാത്ത സ്ഥാപനങ്ങൾ

12 (*369) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷൻ പദ്ധതി നിലവിലില്ലാത്ത ഇവിടത്തെ ജീവനക്കാർക്ക്കൂടി പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് വേണ്ടി ഒരു പെൻഷൻ പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ടോ ;

(ഡി) 30-40 വർഷങ്ങളായി ജോലി ചെയ്തിട്ട് പെൻഷൻ ലഭിക്കാതെ പോകുന്ന ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പുതിയ പെൻഷൻ പദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ-ഡി) സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന പെൻഷൻ പദ്ധതി നിലിവിലില്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം

13 (*370) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച് നവീകരണപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ നടത്തിപ്പു ലോകബാങ്കിനെ ഏൽപ്പിച്ചിരുന്നോ ; എങ്കിൽ ഇക്കാര്യത്തിൽ ലോകബാങ്കിന്റെ തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്ത് തുകയുടെ നവീകരണ വിപുലീകരണപദ്ധതിയാണ് ലോകബാങ്കിനെ ഏൽപ്പിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത് സംബന്ധിച്ച പദ്ധതി ആദായകരമല്ലെന്ന ലോകബാങ്കിന്റെ വിലയിരുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നഗരവാസികളിൽനിന്നും ഫീസ് ഈടാക്കാതെ പദ്ധതിയുടെ നടത്തിപ്പ് ആദായകരമാക്കാനാവില്ലെന്ന ലോകബാങ്കിന്റെ നിർദ്ദേശത്തിന്മേൽ സർക്കാരിന്റെ തീരുമാനം എന്തെന്ന് അറിയിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഈ പദ്ധതി മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള)

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി കണ്ണേറ്റുമുക്ക് മുതൽ കുര്യാത്തി സ്വീവേജ് പമ്പിംഗ് സ്റ്റേഷൻവരെ 1200 മി. മീ വ്യാസമുള്ള കോൺക്രീറ്റ് കുഴലുകൾ സ്ഥാപിക്കുന്ന പണി പുരോഗമിച്ചുവരുന്നു. ഇതിനോടനുബന്ധിച്ചുള്ള സ്വീവേജ് പമ്പിംഗ് സ്റ്റേഷൻ കുര്യാത്തിയിൽ സ്ഥാപിക്കുന്നതിനും കുര്യാത്തി മുതൽ മുട്ടത്തറ വരെ 900 മി.മീ വ്യാസമുള്ള ജി. ഐ. പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പണിയും നടന്നുവരുന്നു. തിരുവനന്തപുരത്ത് പേട്ട, കണ്ണമ്മൂല, കേശവദാസപുരം, പാങ്ങോട്, പേരൂർക്കട എന്നിവിടങ്ങളിൽ പുതുതായി ഡ്രെയിനേജ് പൈപ്പുകൾ സ്ഥാപിച്ചുവരുന്നു. ഈ പണികൾക്കായി ഈ വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ബി&സി) ഡ്രെയിനേജ് സംവിധാനത്തിന്റെ നവീകരണ പദ്ധതികളുടെ നടത്തിപ്പ് ലോകബാങ്കിനെ ഏൽപ്പിച്ചിരുന്നില്ല. എന്നാൽ ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിച്ചുകൊണ്ട് നിലവിലുള്ള സ്വീവറേജ് സ്കീമിനെക്കുറിച്ച് പഠിച്ച് നവീകരണപദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവീസസ് എന്ന കൺസൾട്ടന്റ് മുഖേന തയ്യാറാക്കി. 1992-ലെ വിലനിലവാരമനുസരിച്ച് ഇപ്രകാരം തയ്യാറാക്കിയ റിപ്പോർട്ടിൽ 110 കോടി മതിപ്പുചെലവ് പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു നവീകരണ പദ്ധതിക്ക് രൂപം നൽകിയിരുന്നു. കൂടാതെ സ്വീവറേജ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത തിരുവനന്തപുരത്തെ 'എഫ്' 'ജി' ബ്ലോക്കുകളിൽ ചെലവ് കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിന് 19 കോടി രൂപയുടെ പദ്ധതിയും വിഭാവന ചെയ്തിരുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കിയ കേരള വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പ്രോജക്ടിൽ ഉൾപ്പെട്ട കേരള അർബൻ ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയാണ് തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനത്തിന്റെ നവീകരണ വിപുലീകരണ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ട് തയ്യാറാക്കികഴിഞ്ഞപ്പോൾ ലോകബാങ്ക് ധനസഹായം നൽകാൻ മുന്നോട്ടുവന്നില്ല. അതുകൊണ്ട് അതിന്മേൽ തീരുമാനമൊന്നും ഗവൺമെന്റ് തലത്തിൽ എടുത്തിട്ടില്ല.

(എഫ്) ഉണ്ട്. ലോകബാങ്ക് ധനസഹായം നൽകാൻ മുന്നോട്ടുവരാത്തതിനാൽ ഹഡ്കോയുടെ വായ്പ ലഭ്യമായി പദ്ധതി മുമ്പോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നു. ഇപ്പോഴത്തെ നിലവാരമനുസരിച്ച് തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് പദ്ധതിയുടെ നവീകരണത്തിനായി 836 ലക്ഷം രൂപയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹഡ്കോയുടെ വായ്പക്കായി അപേക്ഷിച്ചിട്ടുണ്ട്. വായ്പ ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഏകീകരണം

14 (*371) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമതലത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകീകരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തുകൾക്ക് എന്തെങ്കിലും പരിപാടിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കാമോ ;

(ഡി) നാടൻകലകളുടെ പുനരുദ്ധാരണത്തിനായി ഗവൺമെന്റ് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സാംസ്ക്കാരിക സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ബഹുജനപങ്കാളിത്തത്തോടെ, കേരളീയം സാംസ്ക്കാരികോത്സവം തുടങ്ങിയ കൂട്ടായ്മകൾക്ക് തുടക്കം കുറിച്ചു. കൂടാതെ സെമിനാറുകൾ, സംവാദങ്ങൾ, ചിത്രശിൽപ്പപ്രദർശനങ്ങൾ, കവിയരങ്ങുകൾ, സാഹിത്യ പഠനക്യാമ്പുകൾ, പുസ്തകപ്രസിദ്ധീകരണം, കലാപ്രദർശനങ്ങൾ, ഗ്രാമപ്രദേശങ്ങളിൽ എഴുത്തുകാരുടേയും കലാകാരന്മാരുടേയും ഒത്തുചേരൽ, നാടൻ കലാമേള, ഫോക്ക്ലോർ പ്രഭാഷണം, "പൈതൃക സംരക്ഷണം" നിയമ നിർമ്മാണം എന്ന വിഷയത്തെ അധികരിച്ച് ദേശീയ സെമിനാർ തുടങ്ങിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly